**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1521** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു.എ.ലത്തീഫ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | 2015-ൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കണമെന്നായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടിയിരുന്നത് 2019 ഡിസംബർ 3 ന് ആയിരുന്നു. |
| (ബി) | കരാർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് അറിയിക്കാമോ; | (ബി) | കരാറിലെ വ്യവസ്ഥകൾ പ്രകാരം, പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തു കൊടുക്കൽ, പദ്ധതിക്കാവശ്യമായ റെയിൽ കണക്ടിവിറ്റി, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടത് അതോറിറ്റിയുടെ ചുമതലയാണ്. |
| (സി) | പ്രസ്തുത തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കരിങ്കൽക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതിക്കാവശ്യമായ പാറ കണ്ടെത്തേണ്ടത് കരാർ കമ്പനിയുടെ ചുമതലയാണ്. ഇതിനായി കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി ത്വരിതപ്പെടുത്തു ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രോജക്ട് എത്രയും വേഗത്തിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ